"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി. നവനീത യു എസ് - ന് അനുവദിച്ച ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.381/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025**

പരാമർശം:-

1. 08/11/2023-ലെ സ.ഉ. (സാധാ) നം 2211/2023/LSGD.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 05/12/2024-ലെ DTETVM/6861/2024-EC3(EC) നമ്പർ നടപടിക്രമം.
3. കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10/12/2024-ലെ LSGD/JD/KLM/9615/2024-A3 നമ്പർ ഉത്തരവ്.
4. കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 17/12/2024-ലെ LSGD/JD/KLM/9615/2024-A3 നമ്പർ ഉത്തരവ്.
5. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 17/12/2024-ലെ സി1-1742/2020 നമ്പർ ഉത്തരവ്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 10/01/2025-ലെ LSGD/PD/42852/2024-DEC3 നമ്പർ കത്തും ഉള്ളടക്കവും.

**ഉത്തരവ്**

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി. നവനീത യു എസ് - ന് പരാമർശം (1) പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിൻ പ്രകാരം 09.11.2023 -ൽ അവധിയിൽ പ്രവേശിച്ച ടിയാന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കടുത്തുരുത്തി ഗവ.പോളി ടെക്നിക്കൽ കോളേജിൽ ലക്ചർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് തസ്തികയിൽ പരാമർശം (2) പ്രകാരം നിയമനം ലഭിച്ചിരുന്നു. തുടർന്ന്, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിൽ ടിയാനെ തിരികെ പ്രവേശിപ്പിക്കുകയും ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ പരാമർശം (3) പ്രകാരം പുനർനിയമിക്കുകയുണ്ടായി. അതിൻപ്രകാരം ടിയാൻ 10.12.2024 അപരാഹ്നത്തിൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തു.

തുടർന്ന്, കടുത്തുരുത്തി ഗവ. പോളിടെക്നിക്ക് കോളേജിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി പരാമർശം (4), (5) പ്രകാരം ടിയാനെ 17/12/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിടുതൽ ചെയ്തിട്ടുമുണ്ട്. ടി സാഹചര്യത്തിൽ ശ്രീമതി. നവനീത യു എസ്, പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത 11.12.2024 മുതൽ 31.07.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി ശിപാർശ ചെയ്തുകൊണ്ട് വകുപ്പ്

മേധാവി പരാമർശം (6) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 09.11.2023 പ്രാബല്യത്തിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീമതി. നവനീത യു എസ് - നെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കടുത്തുരുത്തി ഗവ.പോളി ടെക്നിക്കൽ കോളേജിൽ ലക്ചർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് തസ്തികയിൽ നിയമനം ലഭിച്ചതിനെത്തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ പുനർനിയമിച്ച ജില്ലാ ജോയിന്റ് ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും ടിയാന് പഠനാവശ്യത്തിനായി പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത 11.12.2024 മുതൽ 31.07.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീമതി. ശ്രീമതി. നവനീത യു എസ്, ക്ലർക്ക് , ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(LSGD-ERA1/166/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 07-02-2025 10:44:27

സെക്ഷൻ ഓഫീസർ